പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2826 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിച്ച് മത്സ്യത്തൊഴിലാളി വനിതകളെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പിന് കീഴിൽ 2005 ജൂൺ 1 മുതൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്). മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്ഥിരതൊഴിലും വരുമാനവും ഉറപ്പുവരുത്തുക വഴി ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടാണ് സാഫ് പ്രവർത്തിച്ചുവരുന്നത്.

2026-27 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി വനിതകളെ സംരംഭകരാക്കി അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി 14.99 കോടി രൂപയുടെ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദവിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

(ബി) പുരുഷന്മാരെ ആശ്രയിക്കാതെ സ്ത്രീകൾക്ക് സ്വന്തമായി വരുമാനം കണ്ടെത്താൻ കഴിയുന്ന അവസ്ഥയിലേക്ക് എത്തിക്കുന്ന പദ്ധതികളിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് മുൻഗണന നൽകുമോ; വ്യക്തമാക്കുമോ;

മറുപടി: സാഫ് പ്രധാനമായും ഊന്നൽ നൽകുന്നത് മത്സ്യത്തൊഴിലാളി വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പാക്കുക എന്നതാണ്. പൂർണ്ണമായും മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തിയാണ് സാഫ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ഒരു കുടുംബം ഒരു സംരംഭം, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് എന്നീ പദ്ധതികൾ മത്സ്യത്തൊഴിലാളി വനിതകളെ മാത്രം ഉൾപ്പെടുത്തി നിർവ്വഹിച്ചുവരുന്നവയാണ്. പുരുഷന്മാരെ ആശ്രയിക്കാതെ സ്ത്രീകൾക്ക് സ്വന്തമായി വരുമാനം കണ്ടെത്താൻ കഴിയുന്ന അവസ്ഥയിലേക്ക് എത്തിക്കുന്ന എല്ലാ പദ്ധതികളിലും മത്സ്യത്തൊഴിലാളി വനിതകൾക്ക് തന്നെയാണ് പ്രഥമ പരിഗണന നൽകി വരുന്നതും ഭാവിയിലും നൽകുന്നതും.

പുരുഷൻമാരെ ആശ്രയിക്കാതെ സ്ത്രീകൾക്ക് സ്വന്തമായി വരുമാനം കണ്ടെത്താൻ കഴിയുന്ന അവസ്ഥയിലേക്ക് എത്തിക്കുന്ന പദ്ധതികളിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് മുൻഗണന നൽകിക്കൊണ്ട് മത്സ്യഫെഡ് വഴി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

(എ) മൈക്രോഫിനാൻസ് വായ്പ: പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയംസഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി.യുടെയും എൻ.എം.ഡി.എഫ്.സി.യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്ത് വരുന്നു.

(ബി) ടേം വായ്പകൾ: മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി എൻ.ബി.സി.എഫ്.ഡി.സി.യുടെയും എൻ.എം.ഡി.എഫ്.സി.യുടെയും ധനസഹായത്തോടെ ടേം വായ്പകൾ നൽകി വരുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പ 5 വർഷ കാലാവധിയിലാണ് വിതരണം ചെയ്യ വരുന്നത്.

(സി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പ പദ്ധതി: ഈ പദ്ധതി വഴി മത്സ്യവിപണത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്യ വരുന്നു. ആദ്യ വായ്പ പതിനായിരം രൂപ ഒരു വർഷ കാലാവധിയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗുണഭോക്താകൾക്ക് തുടർ വായ്പയായി ഇരുപതിനായിരം രൂപ വിതരണം ചെയ്യവരുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) മത്സ്യത്തൊഴിലാളി വനിതകളെ സംരംഭകരാക്കി അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി സാഫ് (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ) നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; സാഫിന്റെ നിലവിലുള്ള 1800 യൂണിറ്റുകൾ 3000 ആയി വർധിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

<u>മറുപടി:</u> സാഫ് മുഖേന നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. സാഫിന്റെ നിലവിലുള്ള 1800 യൂണിറ്റുകൾ 3000 ആയി വർദ്ധിപ്പിക്കാൻ ഘട്ടംഘട്ടമായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

സാഫ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ

I. Alternative and Supportive Livelihood Opportunity to Fisherwomen of Kerala

പദ്ധതിയിലൂടെ താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നു:

1) ഒരു കുടുംബം ഒരു സംരംഭം:മത്സ്യബന്ധനം കൂടാതെ കുടുംബത്തിൽ അധിക വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യത്തൊഴിലാളി കുടുംബത്തിലെ അംഗത്തിന് 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി നടപ്പിലാക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 98 മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി ധനസഹായം അനുവദിച്ചു. ഈ സാമ്പത്തിക വർഷത്തിൽ 200 മത്സ്യത്തൊഴിലാളി വനിതകൾക്കാണ് ഈ സംരംഭം ആരംഭിക്കുന്നതിന് അവസരം ഒരുക്കുന്നത്. ഈ പദ്ധതിയിലൂടെ സംരംഭം ആരംഭിക്കുന്നതിന് ഒരു മത്സ്യത്തൊഴിലാളി വനിതയ്ക്ക് ഒരു ലക്ഷം രൂപ വരെ സർക്കാർ ഗ്രാന്റ് അനുവദിക്കുന്നു. സംരംഭം ആരംഭിക്കുന്നതിനുള്ള ബാക്കി തുക ഗുണഭോക്തൃവിഹിതമായോ ബാങ്ക് ലോണായോ കണ്ടെത്തേണ്ടതാണ്. ഇതിനായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2) ഷീ സ്കൂട്ടർ (She Scooter): മത്സ്യ കച്ചവടം നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കും സാഫ് യൂണിറ്റുകളിലെ ഗുണഭോക്താക്കൾക്കും പ്രയോജനം ലഭിക്കുന്ന വിധത്തിലും ബിസിനസ്സ് വർദ്ധിപ്പിക്കുന്ന തരത്തിലും തീരദേശ ജില്ലകളിലും കോട്ടയം ജില്ലയിലുമായി ഷീ സ്കൂട്ടർ (Electric) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നേരിട്ട് വാഹനങ്ങൾ തിരഞ്ഞെടുക്കുകയും അവരുടെ സംരംഭം നടത്തുന്നതിന് ഉതകുന്ന തരത്തിൽ ആവശ്യമായ ബോക്സുകളും മറ്റും ഘടിപ്പിക്കുന്നതിനും ആവശ്യമായ തുക ചെലവഴിക്കുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു. ഇത്തരത്തിൽ, ഗുണഭോക്താക്കൾ നേരിട്ട് തിരഞ്ഞെടുക്കുന്ന വാഹനത്തിന്റെ 75 ശതമാനം (പരമാവധി ഒരു ലക്ഷം രൂപ വരെ) സർക്കാർ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. വാഹനത്തിന്റെ ബാക്കി തുക ഗുണഭോക്താക്കൾ സ്വന്തമായി കണ്ടെത്തുന്നു. ഈ പദ്ധതിയിലൂടെ 100 ഗുണഭോക്താക്കൾക്ക് ഷീ സ്കൂട്ടർ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിടുകയും 83 പേർക്ക് വാഹനം നൽകുകയും ബാക്കി വരുന്ന 17 പേർക്ക് വാഹനം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുമുണ്ട്. നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ഷീ സ്കൂട്ടർ പദ്ധതിയുടെ സംസ്ഥാനതല വിതരണോദ്ഘാടനവും താക്കോൽ വിതരണവും ബഹു. മുഖ്യമന്ത്രി 5/10/2026 ന് തിരുവനന്തപുരത്ത് വെച്ച് നിർവ്വഹിച്ചു.

3) ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (JLG) കൾക്ക് പലിശരഹിത റിവോൾവിംഗ് ഫണ്ട്: മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ആരംഭിക്കുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (ജെ.എൽ.ജി) പ്രവർത്തന മൂലധനമായി പലിശരഹിത റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. ആദ്യഘട്ടത്തിൽ ഒരംഗത്തിന് 10,000/-

രൂപ വീതം (ഒരു ഗ്രൂപ്പിന് 50,000/- രൂപ) വരെ പരമാവധി പലിശരഹിത വായ്പയായി അനുവദിക്കുന്നു. തിരിച്ചടവ് പൂർത്തീകരിക്കുന്ന യൂണിറ്റുകൾക്ക് തുടർ ഘട്ടങ്ങളിൽ ഒരംഗത്തിന് 20,000/- രൂപ (ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ) വരെ പരമാവധി റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. യൂണിറ്റുകൾക്ക് അനുവദിക്കുന്ന റിവോൾവിംഗ് ഫണ്ട് 40 ആഴ്ചകളിലായി തിരിച്ചടക്കുന്നു. റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് 98.40 % ആണ്. യൂണിറ്റുകൾ റിവോൾവിംഗ് ഫണ്ട് കൃത്യമായി തിരിച്ചടച്ചതിലൂടെ ടി തുക 35.16 കോടി രൂപ, തുടർഘട്ടങ്ങളിലായി Cumulate ആയി റിവോൾവ് ചെയ്ത് വരുന്നു. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4) വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം: ചെറുകിട തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനമായി 25,000/- രൂപ മുതൽ 1,00,000/- രൂപ വരെയും, സാഫിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ, സീ ഫുഡ് റെസ്റ്റോറന്റുകൾ എന്നിവയ്ക്ക് 1.50 ലക്ഷം രൂപ വരെയും പരമാവധി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് പലിശയില്ലാതെ അനുവദിക്കുന്നു. യൂണിറ്റുകൾ റിവോൾവിംഗ് ഫണ്ട് കൃത്യമായി തിരിച്ചടച്ചതിലൂടെ ടി തുക 20 കോടി രൂപ തുടർഘട്ടങ്ങളിലായി cumulate ആയി റിവോൾവ് ചെയ്ത് വരുന്നു.

5) കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ (Capacity Building Programs): സാഫിന്റെ കീഴിൽ ആരംഭിച്ചിരിക്കുന്ന യൂണിറ്റുകൾക്ക് വിവിധ തരത്തിലുള്ള സാങ്കേതിക പരിശീലനങ്ങൾ നൽകിവരുന്നു. അച്ചീവ്മെന്റ് മോട്ടീവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ് തുടങ്ങിയവയും, സംരംഭം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് വിവിധ തരത്തിലുള്ള സ്കിൽ ട്രെയിനിംഗുകളും നൽകുന്നു. സാഫ് ഗുണഭോക്താക്കൾക്ക് നൈപുണ്യ വികസനം, മാനേജീരിയൽ പരിശീലനം, ഇൻകുബേഷൻ സേവനങ്ങൾ തുടങ്ങിയവ നൽകുന്നു. സാഫ് കെയർ പരിശീലന പരിപാടിയിലൂടെ ഫാഷൻ കെയർ (Fashion Care), ഡിജി കെയർ (Digi Care), സ്റ്റിച്ച് കെയർ (Stitch Care), ഫുഡ് കെയർ (Food Care), സർവ്വീസ് കെയർ (Service Care) എന്നിവയ്ക്ക് യൂണിറ്റുകളിൽ നേരിട്ട് പോയി പ്രൊഫഷണൽ നൈപുണ്യ പരിശീലനം നൽകുന്നു.

6) ബ്രാൻഡിംഗ് & മാർക്കറ്റിംഗ് (Branding & Marketing): മത്സ്യത്തൊഴിലാളി വനിതകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വിപണിയിലെ ശക്തമായ മത്സരം നേരിടുന്നതിനും ഉല്പന്നങ്ങളുടെ ഡിമാന്റ്, വിൽപ്പന വർദ്ധിപ്പിക്കുന്നതിനും ആകർഷകമായ പാക്കിംഗിലും ലേബലിംഗിലും യുണിറ്റുകളുടെ ഉല്പന്നങ്ങള്ക്ക് ബ്രാന്റിംഗ് & മാർക്കറ്റിങ് സംവിധാനം ഒരുക്കുന്നു. ഓൺലൈൻ മാർക്കറ്റിംഗിലേക്ക് യൂണിറ്റുകളെ കൊണ്ടുവരുന്നതിനും ഇടപെടലുകള് നടത്തിവരുന്നു. Textiles & Garments കാറ്റഗറി ഫെഡറേഷൻ കീഴിലുള്ള സാഫ് സംരംഭകർ "Coral Blooms" എന്ന അപ്പാരൽ ബ്രാൻഡ് വിപണിയിൽ എത്തിക്കുന്നതിനും Food & Food Processing കാറ്റഗറി ഫെഡറേഷന്റെ കീഴിലുള്ള യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന 16 ഇനം

ഭക്ഷ്യഉൽപ്പന്നങ്ങൾ "സമുദ്ര സഖി" എന്ന ബ്രാൻഡിൽ വിപണിയിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

II. Sustainable Livelihood Development of Fisherwomen and Revitalization of SAF Micro Enterprises

ഈ പദ്ധതിയിലൂടെ താഴെപ്പറയുന്ന പദ്ധതികള് നടപ്പിലാക്കുന്നു:

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (DME): 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് 1,00,000/- രൂപ (ഒരു യൂണിറ്റിന് പരമാവധി (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75% ഗ്രാന്റും, 20% ബാങ്ക് ലോണും, 5% ഗുണഭോക്തൃ വിഹിതവുമാണ്. 100 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

ഉയർന്ന നിക്ഷേപം ആവശ്യമുള്ള അഞ്ചംഗ സംരംഭങ്ങൾ: ഒരു അംഗത്തിന്2 ലക്ഷം രൂപ വീതം ഗ്രാന്റ് അനുവദിക്കും. 2 മുതൽ 5 വരെ പേരടങ്ങുന്ന സംരംഭം ആരംഭിക്കുന്നതിനായി മുടക്കുമുതലിന്റെ 75% (ഒരംഗത്തിന് രണ്ടു ലക്ഷം രൂപ വരെ) സർക്കാർ ഗ്രാന്റായി അനുവദിക്കുകയും ബാക്കി തുക ബാങ്ക് ലോൺ, ഗുണഭോക്തൃവിഹിതം എന്നിവയായി ഗ്രൂപ്പംഗങ്ങള്ക്ക് കണ്ടെത്തേണ്ടതുമാണ്. 50 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഇതിനായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മോഡൽ പീലിംഗ് യൂണിറ്റ് (Model Peeling Unit): 10 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് 10 മാതൃകാ പീലിംഗ് യൂണിറ്റുകൾ സ്ഥാപിക്കും. അംഗങ്ങളുള്ള ഒരു മാതൃകാ 'പീലിംഗ് യൂണിറ്റ്' (peeling unit) സ്ഥാപിക്കുന്നതിന് പരമാവധി 10 ലക്ഷം രൂപയുടെ (ഓരോ അംഗത്തിനും പരമാവധി ഒരു ലക്ഷം രൂപ വരെ) ഗ്രാന്റ് അനുവദിക്കും. പദ്ധതി തുകയുടെ 75% ഗ്രാന്റും 20% ബാങ്ക് ലോണും 5% ഗുണഭോക്തൃ വിഹിതവുമാണ്. കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ പീലിംഗ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന 100 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ/ബിസിനസ്സ് ആരംഭിക്കുന്നതിനായി അവസരം ഒരുക്കും. ഇതിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സമഗ്ര വികസനം: മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സമഗ്ര വികാസം ലക്ഷ്യമാക്കി അവരുടെ വിവിധ ആവശ്യങ്ങൾ (ഉപജീവനത്തിനുള്ള പിന്തുണ, ആരോഗ്യം, ശുചിത്വം, വിദ്യാഭ്യാസം, നൈപുണ്യ വികസനം, സാമ്പത്തികം തുടങ്ങിയവ) മുൻനിർത്തി അവരെഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങളിലൂടെ സ്വയംപര്യാപ്തതയിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ്. ഒറ്റത്തവണയുള്ള ധനസഹായം നൽകുന്നതിന് പകരം, പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 50 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനം ഇതിലൂടെ സാധ്യമാക്കുന്നു. ഓരോ കുടുംബത്തിനും തയ്യാറാക്കുന്ന മൈക്രോ പ്ലാൻ അനുസരിച്ച്

പരമാവധി 2 ലക്ഷം രൂപ വരെ സഹായം നൽകുന്നതാണ്. ഇതിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ടെക്നോളജി ഇംപ്രൂവ്മെന്റ് (Technology Improvement): മത്സ്യത്തൊഴിലാളി വനിതകൾ നടത്തുന്ന തൊഴിൽ സംരംഭങ്ങളുടെ സാങ്കേതികവിദ്യാ നവീകരണത്തിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനുമായി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു.

ഡെവലപ്മെന്റ് ഓഫ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പലിശ സബ്സിഡി): യൂണിറ്റുകളുടെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനായി എടുക്കുന്ന ബാങ്ക് ലോണിന് 5% വരെ പലിശസബ്സിഡി സാഫ് വഴി അനുവദിക്കുന്നു.

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി **മത്സ്യഫെഡ്** വഴി **മത്സ്യത്തൊഴിലാളി വനിതകള്ക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പ പദ്ധതി നടപ്പിലാക്കിവരുന്നു.** ഈ പദ്ധതി വഴി മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് വിവിധഘട്ടങ്ങളിലായി പലിശരഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യ വായ്പ പതിനായിരം രൂപ ഒരു വർഷകാലാവധിയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി ഇരുപതിനായിരം രൂപ വിതരണം ചെയ്തു വരുന്നു. വായ്പയുടെ പലിശ തുക സർക്കാർ മത്സ്യഫെഡിന് അനുവദിച്ച് നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.